(21) മിൽക്ക് പ്രോജക്ട്

ശ്രീ. എം.പി എം. ഇസ്ഹാക്ക് കുരിക്കൾ : സർ, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞിരുന്നു, മഞ്ചേരിയിലും മരങ്ങാട്ടുപള്ളിയിലും 2 മിൽക്ക് പ്രോജക്ടുകൾ തുടങ്ങുമെന്ന്. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഈ സഭയിലും സഭയ്ക്കുപുറത്തും ഇതുസംബന്ധമായ ഉറപ്പ് നൽകിയിരുന്നു. നിർഭാഗ്യവശാൽ മഞ്ചേരി മിൽക്ക് പ്രോജക്ട് ഇതുവരെയും തുടങ്ങിയിട്ടില്ല. മരങ്ങാട്ടുപള്ളിയിൽ മിൽക്ക് പ്രോജക്ട് തുടങ്ങിയെന്നും അറിയാൻ കഴിഞ്ഞു. ഈ നിയമസഭയിലും എന്റെ നിയോജകമണ്ഡലത്തിലെ പൊതുയോഗത്തിലും പത്രപ്രവർത്തകരോടുമെല്ലാം പറഞ്ഞതിനുശേഷം ആ മിൽക്ക് പ്രോജക്ട് ആരംഭിക്കാതിരിക്കുന്നത് ശരിയല്ല. ഒരു മെമ്പർക്ക് നൽകിയിട്ടുള്ള അവകാശം നിലനിർത്താൻവേണ്ടി മഞ്ചേരി മിൽക്ക് പ്രോജക്ട് യൂണിറ്റ് എത്രയും പെട്ടെന്ന് തുടങ്ങാൻ നടപടി സ്വീകരിക്കണം. ഓപ്പറേഷൻ ഫ്ളഡ് II-ൽ അത് അവിടെ തുടങ്ങേണ്ടയെന്നും ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതനുസരിച്ച് മഞ്ചേരിയിൽ ഒരു ഡയറി യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികളും എടുക്കുകയുണ്ടായി. എന്നാൽ പിന്നീട് അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. കാരണം, മഞ്ചേരി മുതലുള്ള വടക്കൻ ജില്ലകളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് വിപുലമായ ഒരു ക്ഷീരവികസന പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. ഓപ്പറേഷൻ ഫ്ളഡ് II പരിപാടിയാണത്. ആ പദ്ധതി ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലാണ്. സ്വിസ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ഉടനെതന്നെ അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി നടപ്പിലാകുമ്പോൾ വടക്കാഞ്ചേരി ഉൾപ്പെടെയുള്ള വടക്കൻ ജില്ലകളിലെ ക്ഷീരോൽപ്പാദകരുടെ ആവശ്യങ്ങൾ മുഴുവൻ നിർവഹിക്കാൻ സാധിക്കും.

(22) കണ്ണൂർ മുനിസിപ്പാലിറ്റിയിൽനിന്നൊഴുക്കുന്ന മലിനജലം

ശ്രീ. പി. ഭാസ്കരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 25 വർഷമായി തുടർന്നുവരുന്ന രൂക്ഷമായ ഒരു പ്രശ്നത്തിലേക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കണ്ണൂർ മുനിസിപ്പാലിറ്റിയിൽനിന്ന് ഒഴുകിപ്പോകുന്ന മലിനജലം പള്ളിക്കുന്ന് പഞ്ചായത്തിലെ പടങ്ങത്തോടിൽ കെട്ടിക്കിടക്കുകയാണ്. അതുകാരണം സമീപപ്രദേശങ്ങളിൽ ദുർഗന്ധം വ്യാപിക്കുകയും കൊതുകുശല്യം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രദേശം ഇപ്പോൾ മന്തുരോഗബാധിതപ്രദേശമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകാരണം പെൺകുട്ടികൾക്ക് ഭർത്താക്കൻമാരെ കിട്ടാൻ പ്രയാസമാണ്. യുവാക്കൻമാർക്ക് ഭാര്യമാരെ കിട്ടാനും പ്രയാസമാണ്. ഈ ദുരന്തത്തിനു പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ വർഷവും അതിനു മുമ്പത്തെ വർഷവും നാട്ടുകാർ സമരം ചെയ്തിരുന്നു. മിനിഞ്ഞാന്ന് നാട്ടുകാർ മുനിസിപ്പൽ ഓഫീസിനുമുമ്പിൽ നിരാഹാരസത്യാഗ്രഹം നടത്തി. ഞാനും അതിൽ പങ്കെടുക്കേണ്ടതായിരുന്നു. പക്ഷേ എനിക്കതിന് സാധിച്ചില്ല. 1961-ൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആർ. ശങ്കർ ഈ സ്ഥലം സന്ദർശിച്ചിരുന്നു. 1977-ൽ ശ്രീ. എ. കെ. ആൻറണിയും ഈ സ്ഥലം സന്ദർശിച്ചിരുന്നു. മുഖ്യമന്ത്രി കരുണാകരനും ഈ സ്ഥലം നന്നായറിയാം. അദ്ദേഹം കാലടിയിലെ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ പോകുന്നത് ഈ വഴിക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സ്ഥലം എല്ലാ മുഖ്യമന്ത്രിമാർക്കും നന്നായി അറിയാവുന്നതാണ്. ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാക്കണം. ഈ പ്രദേശം മന്തു രോഗബാധിതപ്രദേശമായി പ്രഖ്യാപിച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരമാവുകയില്ല. അതുകൊണ്ട് മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വെള്ളം കെട്ടിക്കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഏതാണ്ട് 40 കൊല്ലമായി അനുഭവപ്പെടുന്ന ഒരു കാര്യമാണ്. അതിനൊരു പരിഹാരം കാണുന്നതിനുവേണ്ടി, ജനപ്രതിനിധികളും മുനിസിപ്പാലിറ്റിയും പഞ്ചായത്തും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി വിളിച്ചുകൂട്ടി പലകാര്യങ്ങളും പരിശോധിച്ച് ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. താൽക്കാലികമായി 2 ലക്ഷം രൂപ മുതൽമുടക്കി ഒരു ശ്രമം നടത്തിയെങ്കിലും അതു വിജയിച്ചില്ല. അവിടെ മറ്റ് ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആ സ്ഥലം കടൽനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ്. അതുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ അതിനേറെതായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടും. ഇതിന് ശാശ്വതമായ പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

(23) നരിപ്പറയിലെ കൊലപാതകം

ശ്രീ. കെ. ടി. കണാരൻ : സർ, കുറ്റ്യാടി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള നരിപ്പറയിൽ നമ്പോടൻ കണ്ടി ഹമീദ് എന്ന ചെറുപ്പക്കാരനെ 1985 മാർച്ച് 25-ാം തീയതി ദാരുണമായി വെട്ടിക്കൊലപ്പെടുത്തി. കൊലപാതകികളെ ഇതുവരെ പോലീസ് പിടികൂടാത്തതിൽ പ്രതിക്ഷേധിച്ച് സർവ്വകക്ഷി ആക്ഷൻ കൗൺസിലിന്റെ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ (25-3-1986) കുന്നുമ്മൽ നരിപ്പറ പഞ്ചായത്തിൽ ഹർത്താൽ ആചരിക്കുകയും ധർണ നടത്തുകയും ചെയ്തു. പോലീസിന്റെ കുറ്റകരമായ അനാസ്ഥകൊണ്ടാണ് പ്രതികളെ പിടികൂടാത്തത്. അവരെ അറസ്റ്റ് ചെയ്യുന്നതിൽ അലംഭാവം കാണിക്കുകയാണ്. ആക്ഷൻ കമ്മിറ്റിയംഗങ്ങൾ എന്ന നിലയ്ക്ക് ശ്രീ. എ. വി. അബ്ദുറഹിമാൻഹാജിക്കും എനിക്കും കുറ്റവാളികളെ പിടികൂടുന്ന കാര്യത്തിൽ പോലീസ് കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധിച്ച് പ്രത്യക്ഷസമരപരിപാടികളിലേക്ക് നീങ്ങേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രി ഇടപ്പെട്ട് കൊലപാതകികളെ പിടികൂടുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിച്ച്, കൊലപാതകികളെ അറസ്റ്റ് ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, കൊലപാതകികളെ കണ്ടുപിടിക്കുന്നതിൽ യാതൊരു വിധത്തിലുള്ള അലംഭാവവും കാണിക്കുന്നില്ല. ഒരു പോലീസുദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. സമരം ചെയ്യാനുള്ള സ്വാതന്ത്ര്യം മെമ്പർക്കുണ്ട്. അതു ചെയ്യുന്നതിൽ വിരോധമില്ല.

(24) നെയ്യാർഡാം പരിസരത്തെ ശുദ്ധജല ദൗർലഭ്യം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, നെയ്യാറിന്റെ അടിത്തട്ട് വരണ്ടുകഴിഞ്ഞു. നെയ്യാർ ജലസംഭരണിയിൽ വെള്ളം തീരെയില്ല. തിരുവനന്തപുരം, നെയ്യാറിൻകര, നെടുമങ്ങാട് എന്നീ താലൂക്കുകളിലെ കല്ലിയൂർ, നേമം,

LIBRARY ARCHIVES Kerala Legislative Assembly